**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3687** — **12-03-2025 - ൽ മറുപടിയ്ക്ക്**

**ശ്രീകാര്യം-പൗഡിക്കോണം-പോത്തൻകോട് ബസ് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം സിറ്റിയിൽ ശ്രീകാര്യം പൗഡിക്കോണം പോത്തൻകോട് ബസ്സ് സർവ്വീസ് സംബന്ധിച്ച് ചെമ്പഴന്തി ആവുക്കുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന എം.എ.സി.ആർ.എ. (MACRA) സെക്രട്ടറി ഗതാഗത വകുപ്പ് മന്ത്രിയ്ക്ക് 25.07.2024-ൽ നൽകിയ എം.എ.സി.ആർ.എ. 12/2024 നമ്പർ പരാതിയിന്മേൽ (2029/എൻ./കെ. എസ്. ആർ. റ്റി. സി./2024) സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; പ്രസ്തുത ഫയൽ ഏത് ഓഫീസിലാണ് പരാതി പരിഹരിക്കപ്പെടാതെ ഇപ്പോഴും പെന്റിംഗായി നിൽക്കുന്നതെന്നും അറിയിക്കാമോ; | (എ) | തിരുവനന്തപുരം സിറ്റിയിൽ ശ്രീകാര്യം പൗഡിക്കോണം പോത്തൻകോട് ബസ് സർവ്വീസ് സംബന്ധിച്ച് ചെമ്പഴന്തി ആവുക്കുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന എം.എ.സി.ആർ.എ. (MACRA) സെക്രട്ടറിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വികാസ്ഭവൻ യൂണിറ്റിൽ നിന്നും ഓരോ 15 മിനിറ്റ് ഇടവേളകളിൽ പോത്തൻകോട് - അയിരൂപ്പാറ - പൗഡിക്കോണം - കരിയം - ശ്രീകാര്യം - കിഴക്കേകോട്ടയിലേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ വെഞ്ഞാറമൂട് യൂണിറ്റിൽ നിന്നും ഓരോ 5 മിനിറ്റ് ഇടവേളകളിലും വെഞ്ഞാറമൂട് - പോത്തൻകോട് - അയിരൂപ്പാറ - കിഴക്കേകോട്ട സർവ്വീസ് നടത്തുന്നു. റെയിൽവേ സ്റ്റേഷനിൽ പോകുന്നവർക്കായി രാവിലെ 04.50-ന് പോത്തൻകോട് - ശാന്തിഗിരി ആശ്രമത്തിൽ നിന്നും ഒരു ബസ് അയിരൂപ്പാറ വഴി ഓപ്പറേറ്റ് ചെയ്തുവരുന്നു. പരാതിയിന്മേലുള്ള ആവശ്യപ്രകാരം കിഴക്കേകോട്ടയിൽ നിന്നും രാവിലെ 05.00 മണിക്കും രാത്രി 20.40-നും അയിരൂപ്പാറ വഴി പോത്തൻകോട് ഭാഗത്തേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ട്. എന്നാൽ സൂര്യനഗർ - ഇടത്തറ സർവ്വീസുകൾ റോഡ് ഗതാഗത യോഗ്യമല്ലാത്തതിനാലാണ് താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നത്. റോഡ് ഗതാഗതയോഗ്യമാകുന്ന മുറയ്ക്ക് ടി സർവ്വീസ് ആരംഭിക്കുന്നതാണ്. മേൽ പരാതിയുമായി ബന്ധപ്പെട്ട വിഷയം പരിഹരിക്കപ്പെട്ടതിനാൽ പെന്റിംഗായി നിൽക്കുന്നില്ല. |
| (ബി) | പ്രസ്തുത പരാതി അടിയന്തരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | തിരുവനന്തപുരം സിറ്റിയിൽ ശ്രീകാര്യം പൗഡിക്കോണം പോത്തൻകോട് ബസ് സർവ്വീസ് സംബന്ധിച്ച് ചെമ്പഴന്തി ആവുക്കുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന എം.എ.സി.ആർ.എ. (MACRA) സെക്രട്ടറിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വികാസ്ഭവൻ |

| | | | | |
|---|---|---|---|---|
| | | | | യൂണിറ്റിൽ നിന്നും ഓരോ 15 മിനിറ്റ് ഇടവേളകളിൽ പോത്തൻകോട് - അയിരൂപ്പാറ - പൗഡിക്കോണം - കരിയം - ശ്രീകാര്യം - കിഴക്കേകോട്ടയിലേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ വെഞ്ഞാറമൂട് യൂണിറ്റിൽ നിന്നും ഓരോ 5 മിനിറ്റ് ഇടവേളകളിലും വെഞ്ഞാറമ്മൂട് - പോത്തൻകോട് - അയിരൂപ്പാറ - കിഴക്കേകോട്ട സർവ്വീസ് നടത്തുന്നു. റെയിൽവേ സ്റ്റേഷനിൽ പോകുന്നവർക്കായി രാവിലെ 04.50-ന് പോത്തൻകോട് - ശാന്തിഗിരി ആശ്രമത്തിൽ നിന്നും ഒരു ബസ് അയിരൂപ്പാറ വഴി ഓപ്പറേറ്റ് ചെയ്തുവരുന്നു. പരാതിയിന്മേലുള്ള ആവശ്യപ്രകാരം കിഴക്കേകോട്ടയിൽ നിന്നും രാവിലെ 05.00 മണിക്കും രാത്രി 20.40-നും അയിരൂപ്പാറ വഴി പോത്തൻകോട് ഭാഗത്തേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ട്. എന്നാൽ സൂര്യനഗർ - ഇടത്തറ സർവ്വീസുകൾ റോഡ് ഗതാഗത യോഗ്യമല്ലാത്തതിനാലാണ് താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നത്. റോഡ് ഗതാഗതയോഗ്യമാകുന്ന മുറയ്ക്ക് ടി സർവ്വീസ് ആരംഭിക്കുന്നതാണ്. മേൽ പരാതിയുമായി ബന്ധപ്പെട്ട വിഷയം പരിഹരിക്കപ്പെട്ടതിനാൽ പെന്റിംഗായി നിൽക്കുന്നില്ല. |

സെക്ഷൻ ഓഫീസർ